## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.434 03.03.2020-ൽ മറുപടിക്ക്**

## ജി.എസ്.ടി. അടയ്ക്കാത്ത നികുതിദായകർക്കെതിരെ സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി തുക വ്യാപാരികളും വ്യവസായികളും സർക്കാരിലേക്ക് കൃത്യമായി അടക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകളും വാർഷിക റിട്ടേണുകളും യഥാസമയം സ്ക്രൂട്ടിനിയ്ക്ക് വിധേയമാക്കുന്നു. GSTR1, GSTR3B റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ഡാറ്റാ, GSTR 2A റിട്ടേൺ ഡാറ്റാ, TDS/TCS ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ IIITMK എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| (ബി) | ജി.എസ്.ടി.യിൽ കോമ്പോസിഷൻ രീതി തെരഞ്ഞെടുത്ത വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക സർക്കാരിലേക്ക് അടയ്ക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജി.എസ്.ടി.യിൽ കോമ്പോസിഷൻ രീതി തിരഞ്ഞെടുത്ത വ്യാപാരികൾ ബില്ല് ഓഫ് സപ്ലൈ ആണ് നൽകേണ്ടത്. ഇത്തരം വ്യാപാരികൾ ബില്ല് നൽകാതെയിരിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായാൽ അപ്രകാരമുള്ള സ്ഥാപനങ്ങളിൽ ചരക്കുസേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡ് ടെസ്റ്റ് പർച്ചേസ് ഉൾപ്പെടെയുള്ള പരിശോധന നടത്തിവരുന്നു. കൃത്യമായി ബില്ല് ഓഫ് സപ്ലൈ/ബില്ല് നൽകാത്ത കേസുകളിൽ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധനയിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നുണ്ടോ; ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അതിർത്തി ചെക്ക് പോസ്റ്റുകളിലെ കള്ളക്കടത്തും അഴിമതിയും കൈക്കൂലിയും തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇത്തരം പ്രവൃത്തികളുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയെന്ന് വ്യക്തമാക്കുമോ; | (സി) | കേരളം ഒരു ഉപഭോക്തൃസംസ്ഥാനം ആയതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കു വാഹനങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലൂൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. സംസ്ഥാനത്തേക്ക് കടന്നുവരുന്ന ചരക്ക് വാഹനങ്ങളിൽ ഇ-വേ ബില്ല് എടുത്തിട്ടുണ്ടോ എന്നും ഇ-വേ ബില്ല് പ്രകാരമുള്ള ചരക്കുകൾ ആണോ വാഹനത്തിൽ ഉള്ളത് എന്നും സ്ക്വാഡ് പരിശോധിച്ച് ഉറപ്പുവരുത്തുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക് പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക് പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു.<br>ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയതിനെ തുടർന്ന് വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ പ്രവർത്തനം നിർത്തലാക്കി. എങ്കിലും കള്ളക്കടത്ത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി അതിർത്തിയിൽ ഇന്റലിജൻസ് സ്ക്വാഡ് സർവൈലൻസ് നടത്തിവരുന്നു. അതിർത്തി വഴി നികുതി വെട്ടിച്ച കടത്തിയതുമായി ബന്ധപ്പെട്ട 2019-20 സാമ്പത്തിക വർഷം 31.01.2020 വരെ 6727 ക്രമക്കേടുകൾ കണ്ടുപിടിച്ചു. ഇവയിൽ നിന്നും പിഴയായി 31.01.2020 വരെ 16.67 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | ജി.എസ്.ടി. കൃത്യമായി അടയ്ക്കാത്ത നികുതിദായകർക്കെതിരെ കേരളത്തിൽ ജി.എസ്.ടി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര തുക ഈയിനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്; പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ജി.എസ്.ടി. നിയമപ്രകാരം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് എതിരെ 3A നോട്ടീസ് നൽകി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസരം നൽകുന്നു. നോട്ടീസ് ലഭിച്ചിട്ടും റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് എതിരെ ASMT13 പ്രകാരം നികുതി നിർണ്ണയം നടത്തുന്നു. ഇപ്രകാരം ഉത്തരവ് ലഭിച്ച് കഴിഞ്ഞും വ്യാപാരികൾക്ക് 30 ദിവസത്തിനകം റിട്ടേൺ ഫയൽ ചെയ്യുവാൻ സാവകാശം ഉണ്ട്. ഈ |

| | | | |
|---|---|---|---|
| | | | കാലയളവിന് ഉള്ളിലും റിട്ടേൺ ഫയൽ ചെയ്യില്ലെങ്കിൽ DRC07 പ്രകാരം ഡിമാന്റ് സൃഷ്ടിക്കുന്നു. 31.12.2019 വരെ ഇപ്രകാരം 54,428 നികുതി നിർണ്ണയ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ 925.44 കോടി രൂപയുടെ ഡിമാന്റ് ഉൾപ്പെടുന്നു. കൂടാതെ റിട്ടേൺ ഫയൽ ചെയ്ത കേസുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി നികുതി നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.